DESPATCHED On. 26/2/2020
7/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2444*(2)/2017*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **15331**/എസ്.ഐ.സി-ജി 6/17)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ.ആർ.കെ.ബിജു,
കുറ്റിയിൽ ഹൗസ്, വയക്കര,
കൈതപ്രം പി.ഒ., ശ്രീകണ്ഠപുരം,
കണ്ണൂർ – 670 631. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   അണ്ടർ സെക്രട്ടറി,
   ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്,
   ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി സെക്രട്ടറി,
   ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്,
   ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.07.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.10.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.12.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.12.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ഡോ.ആർ.കെ.ബിജു, 05.12.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 11.12.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2444(2)/17/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് നാളിതുവരെ മറുപടി ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 29.07.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 09.08.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2&3 എന്നീ ഇനങ്ങൾക്ക് WP(C)No.313/2016 ലെ വിധിയുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി 10.05.2016ൽ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൂടാതെ ടി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ 18.02.2017ൽ ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ടെന്നുമാണ്. ക്രമനമ്പർ 4&5ൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമല്ലെന്നും കൃത്യമായ ഫയൽ നമ്പറോ മറ്റു സൂചന നമ്പറുകളോ ലഭ്യമാക്കുകയാണെങ്കിൽ ടി ഫയലുമായി ബന്ധപ്പെട്ട വിവരം നൽകുമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 31.10.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ഒന്നാം ഇനത്തിന് നൽകിയ മറുപടി പൂർണ്ണമായതിനാൽ അധിക വിവരം നൽകാനില്ലെന്നും ക്രമനമ്പർ 2, 5 എന്നിവയിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 28.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം

അപ്പീലിന് യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നുമാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേമെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ ഒന്നാം അപ്പീലിന് അപ്പീൽ അധികാരി 31.10.2017ന് മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ച വിധി ന്യായത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശമ്പളസംരക്ഷണം ലഭിച്ച കോളേജ് അദ്ധ്യാപകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമായ സൂചന നമ്പരുകൾ ലഭ്യമാക്കുകയാണെങ്കിൽ വിവരം നൽകുന്നതാണെന്ന് ടിയാനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/